## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1461** 03-12-2018 -ൽ മറുപടിക്ക്

## പെരിന്തൽമണ്ണ മണ്ഡലത്തിലെ തകർന്ന വീട്ടുകൾക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ആകെ എത്ര വീട്ടുകൾ തകർന്നിട്ടുണ്ട്; പൂർണ്ണമായും ഭാഗികമായും തകർന്ന വീട്ടുകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ; | എ) | പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ആകെ 189 വീട്ടുകൾ തകർന്നിട്ടുണ്ട്. ആയതിൽ 42 വീട്ടുകൾ പൂർണ്ണമായും 146 വീട്ടുകൾ ഭാഗികമായും തകർന്നവയാണ്. |
| ബി) | ഈ ദുരന്തത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പ്രസ്തുത മണ്ഡലത്തിലെ എത്ര പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്ര പേർക്ക് ധനസഹായം നൽകാനുണ്ട്; ഓരോരുത്തർക്കും എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) | ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 1062 പേർക്ക് ആശ്വാസ ധനസഹായമായി 10000/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ പൂർണ്ണഭവനനാശം സംഭവിച്ചതിൽ 5 പേർക്ക് SDRF -ൽ നിന്നും 95,100/- രൂപ വീതം അനുവദിച്ചിട്ടുള്ളതും 5 വീട്ടുകൾ സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള വീട്ടുകൾക്ക് തുക വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജൂൺ, ജൂലൈ മാസങ്ങളിലായി പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച 40 വീട്ടുകൾക്ക് 3,95,450/- രൂപ SDRF ൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. പ്രകൃതിക്ഷോഭത്തിൽ മരണം സംഭവിച്ച രണ്ട് വ്യക്തികളുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്.. കൃഷിനാശം സംഭവിച്ച 830 കർഷകർക്ക് |

| | | | |
|---|---|---|---|
| | | | 1,32,29,393/- രൂപ (ഒരു കോടി മുപ്പത്തി രണ്ട് ലക്ഷത്തി ഇരുപത്തിയൊമ്പ തിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപാ മാത്രം) ഇതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഇനി 440 കർഷകർക്ക് കൂടി നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. |
| സി) | നാശനഷ്ടങ്ങൾ സംഭവിച്ച എല്ലാവർക്കും ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കഴിയാത്തത് എന്തുകൊണ്ട്; ആയത് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | നാശനഷ്ടങ്ങൾ സംഭവിച്ചതിനെത്തുടർന്ന് അപേക്ഷ സമർപ്പിച്ചതിൽ അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകർ ഹാജരാക്കിയ ബാങ്ക് അക്കൗണ്ടിലെ പിശകുമൂലം വിതരണത്തിൽ കാലതാമസം നേരിട്ടുവെങ്കിലും ന്യൂനത പരിഹരിച്ച് മുഴുവൻ പേർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഭവന നാശം സംഭവിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1,01,11,616 (ഒരു കോടി ഒരു ലക്ഷത്തി പതിനൊന്നായിരത്തി അറുന്നൂറ്റി പതിനാറ് രൂപാ) കൂടി കർഷകർക്ക് നൽകാനുണ്ട്. ഇതിൽ കേന്ദ്ര വിഹിതമായി നൽകേണ്ട 12 ലക്ഷത്തോളം രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വിഹിതം ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ